# Bytes

DIGITAL MAGAZINE

GHSS ANAPPARA

Little KITEs

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

# സന്ദേശം



ആനപ്പാറ ഗവ. ഹയർ സെക്കണ്ടറി സ്കൂളിലെ 2019-2020 വർഷത്തെ ലിറ്റിൽ കൈറ്റ് ക്ലബ് അംഗങ്ങൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ ഉള്ളടക്കം കൊണ്ടും വിവരസാങ്കേതിക വിദ്യയുടെ ഉപയോഗം കൊണ്ടും വളരെ മനോഹരമായിരിക്കുന്നു. ഈ മാഗസീൻ നമ്മുടെ സ്കൂളിന് ഒരു മികവിന്റെ മേഖലകൂടി നൽകിയിരിക്കുന്നു. ഇതിനു പിന്നിൽപ്രവർത്തിച്ച എല്ലാ വിദ്യാർത്ഥികൾക്കുംഅധ്യാപകർക്കും

അഭിനന്ദനങ്ങൾ.

സ്നേഹപൂർവ്വം

എം എസ് ബാബുരാജൻ

ഹെഡ്മാസ്ററർ,

ജി എച്ച് എസ് എസ്

ആനപാറ

# എഡിറ്റോറിയൽ

***കേരള സമൂഹം ഒന്നടക്കം ഹൃദയം കൊണ്ട് പ്രഖ്യാപിച്ച ഒരു കാഴ്ചപ്പാടാണ് വിദ്യാർഥികളുടെ ഗുണമേന്മയുള്ള വിദ്യാഭ്യാസം. ആധുനികയന്ത്ര വാൽകൃതമായ ഇക്കാലത്ത് വിദ്യാർഥികൾക്ക് ലഭിക്കുന്ന അക്കാദമിക വിദ്യാഭ്യാസത്തോടൊപ്പം സാങ്കേതിക മേഖലയെക്കുറിച്ചുള്ള അടിസ്ഥാനപരമായ അറിവുകളും അനിവാര്യമാണ്.***

***സാങ്കേതിക രംഗത്തെ പ്രവർത്തനങ്ങൾ പൂർണമായും തിരിച്ചറിഞ്ഞ് വിദ്യാർത്ഥികൾക്ക് ഒട്ടും ദോഷകരമായി ബാധിക്കാതെ കൃത്യമായ ആസൂത്രണത്തോടെ ഡിജിറ്റൽ ഉൽപ്പന്നങ്ങൾ വിനിയോഗിച്ച്കൊണ്ടുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളിലെ ഒരു വിപ്ലവകരമായ മാറ്റമാണ് സാങ്കേതിക രംഗത്തേക്കുള്ള പുതിയ ചുവടുവെയ്പ്പുകൾ.***

***തികച്ചും വിശിഷ്ടവും സമ്പൂർണ്ണവുമായ ചിന്താപ്രക്രിയകളിലൂടെ ഡി***

***ജിറ്റൽ വിഭവങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ഗവ . ഹയർ സെക്കണ്ടറി സ്കൂൾ ആനപ്പാറയിലെ ലിറ്റിൽകൈറ്റ്സ് കൂട്ടായ്മ ഒരുക്കുന്ന ഒരു ഡിജിറ്റൽ മാഗസിനാണ് " ബൈറ്റ്സ് "***

***വിദ്യാർഥികൾ ഉൾപ്പെടുന്ന ഇത്തരം കൂട്ടായ്മകൾ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മികവിന്റെ അടയാളം എന്നതിനോടൊപ്പം ഉയർച്ചയിലേക്കുള്ള ഒരു പുതിയ ചുവടുവെയ്പാകട്ടെ.***



***സ്റ്റുഡന്റ് എഡിറ്റർ***

***അഭിജിത്ത് പി എസ്***

# എഡിറ്റോറിയൽ ബോർഡ്

അഭിജിത്ത് പി എസ്
കുമാരി ഐശ്വര്യ
എബിൻ ലൂക്ക മാത്യൂ
രഞ്ജിത്ത് കെ ആർ
അനീസ് .കെ .കെ
അശ്വന്ദ് ഋഷികേശ്
കുമാരി ശിവപ്രിയ

## ആശംസകൾ

***പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞ പ്രവർത്തനങ്ങൾ വഴി സർക്കാർ വിദ്യാലയങ്ങൾ സകലമേഖലകളിലും അദ്ഭുതപൂർവമായ വികസനകുതിപ്പാണ് നേടിയെടുത്തത്..... ആയിടത്തേക്ക് ലിറ്റിൽ കൈറ്റ് ക്ലബിന്റെ ആവേശം പകരുന്ന കടന്ന് വരവ്. വിവരസാ ങ്കേതിക വിദ്യയുടെ നൂതനാശയങ്ങൾ വിദായാർത്ഥികൾക്ക് പകർന്നുനൽകുക വഴി മിടുക്കരായ യുവതലമുറയെ വാർത്തെടുക്കാൻ പൊതു വിദ്യാലയങ്ങൾക്ക് സാധിക്കും.....ഇത്തരുണത്തിൽ ആന പ്പാറ ഗവ. ഹയർ സെക്കൻണ്ടറി സ്കൂളിലെ ലിറ്റിൽ കൈറ്റ് ക്ല ബിന്റെ പ്രവർത്തനകർതയ്യാറാക്കുന്ന ഡിജിറ്റൽ മാഗ സീ ൻ ലമ്മുടെ വിദ്യാർത്ഥികൾക്ക് ഗുണകരമാവട്ടെ എന്നാശം സിക്കുന്നു. അണിയറപ്രവർത്തകർക്കെല്ലാം വികസനത്തിന്റെ നാൾവഴികളിലൂടെ........................***

***അഭിനന്ദനങ്ങൾ......***



*ഷാജി കോട്ടയിൽ*
*പി ടി എ പ്രസിഡണ്ട്*
*ജി.എച്ച്.എസ്.എസ്.ആനപ്പാറ*

# ഉള്ളടക്കം

വികസനത്തിന്റെ നാൾവഴികളിലൂടെ........................................9
ലിയണാർഡൊ ഡാവിഞ്ചി.....................................................19
ചില ഗണിതശാസ്ത്രജ്ഞമാരുടെ..........................................20
13-ന്റെ നിർഭാഗ്യം..........................................................22
എന്റെ ഭാരതം...............................................................23
ആദ്യമുണ്ടായ മാമ്പഴം.....................................................24
FRIEND A PRECIOUS GIFT.............................................26
ഗണിതശാസ്ത്രത്തിലെ.....................................................27
चाँदनी...........................................................................28
കവിത...........................................................................29
കടങ്കഥകൾ....................................................................30
കടങ്കഥകൾ....................................................................32
എളുപ്പത്തിൽ ഗുണനം......................................................33
മഹത് വചനങ്ങൾ............................................................34
SITA'S PLANT...............................................................35
MOTHER AND FATHER...................................................36
MY VILLAGE..................................................................37
പ്രവാസികൾ...................................................................38
പഴഞ്ചൊല്ലുകൾ..............................................................40
ക്വിസ്...........................................................................41
മലയാള സാഹിത്യ ക്വിസ്.................................................42



രാമുവിന്റെ പിശുക്ക്.......................................................43
ഇന്ത്യയുടെ രാഷ്ട്രപതിമാർ.......................................................45
Social media.......................................................46
The miller’s daughter and the small man...........................49
അനുസരണ.......................................................51
എന്നോട് ക്ഷമിക്ക് അമ്മേ.......................................................53
അമ്മയും മകനും.......................................................58
കടങ്കഥകൾ.......................................................62
ചക്കപ്പഴം.......................................................63
പ്രളയം.......................................................64

## വികസനത്തിന്റെ നാൾവഴികളിലൂടെ.............







സ്കൂൾ
കായികമേള








88
32
43
27
42

# ശിശു ദിന ആഘോഷം









സ്കൂൾ അസംബ്ലി


GOVT.HIGHER SECONDARY SCHOOL
CHULLIYODE .PO. PIN 673592
Donated by Alumni Association 1988-89 SSLC Batch

Bytes

Little kites














ഗവ:ഹയർ സെക്കണ്ടറി സ്കൂൾ, ആനപ്പാറ
"ശ്രദ്ധ"
മികവിലേക്കൊരു ചുവട്






കായിക പരിശീലന കേന്ദ്രം
BRGF 2014-15


ഹരിത വിദ്യാലയം











Elephant
Rabbit
Fish
Frog


Butterfly









വയനാട് ജില്ലാ പഞ്ചായത്ത്
ടിവെള്ള പദ്ധതി. 2013.14





# ലിയണാർഡൊ ഡാവിഞ്ചി

" പത്ത് മനുഷ്യ പ്രതിഭകളുള്ളമഹാവ്യക്തി" എന്ന് ലോകം വിശേഷിപ്പിക്കുന്നഅസാമാന്യ പുരുഷനാണ് ലിയണാർഡൊ ഡാവിഞ്ചി. ചിത്രകാരൻ, ഗവേഷകൻ, സംഗീതജ്ഞൻ, ശിൽപി, എഞ്ചിനീയർ, ശാസ്ത്രജ്ഞൻ, ശരീരശാസ്ത്രജ്ഞൻ, കൊത്തുപണി വിദഗ്ധൻ, നഗര സംവിധായകൻ, ഡിസൈനർ ഇവരെല്ലാം ഉൾച്ചേർന്ന വ്യക്തിയാണ് ലിയണാർഡൊ ഡാവിഞ്ചി.' യൂണിവേഴ്സൽ മാൻ' എന്നാണ് ലോകം അദ്ദേഹത്തെ വിശേഷിപ്പിക്കുന്നത്.

ഡാവിഞ്ചിയുടെ മസ്തിഷ്കം ജീവിതകാലം മുഴുവൻ നാനാവിഷയങ്ങളിലെ കണ്ടുപിടിത്തങ്ങൾക്കു വേണ്ടി നിരന്തരം പ്രയത്നിച്ചുകൊണ്ടിരിക്കയായിരുന്നു.7000 പേജുള്ള അദ്ദേഹത്തിന്റെനോട്ട്ബുക്കിലെ വിവരങ്ങൾ ആരെയും അത്ഭുതപ്പെടുത്തുന്ന വിജ്ഞാന ഖനിയാണ് ശരീരശാസ്ത്രം ഒരിടത്ത്, മറ്റൊരു ഭാഗത്ത് യുദ്ധയന്ത്രങ്ങളുടെ കണ്ടുപിടിത്തം, പിന്നൊരിടത്ത് അഴുക്കുചാൽ സംവിധാനരീതികൾ, വേറൊരു ഭാഗത്ത് ഫ്ളൈയിംഗ് മെഷീനുകൾ അങ്ങനെ എല്ലാം അദ്ദേഹത്തിന്റെ കുറിപ്പുകളിൽ കാണാം.

മഹാപുരുഷനായ ഡാവിഞ്ചി ജനിച്ചത് ധനികനായ ഒരു വക്കീലിന്റെ മകനായാണ്.പക്ഷെ ആ ധനികൻ ഡാവിഞ്ചിയുടെ അമ്മയെ വിവാഹം കഴിക്കുകയുണ്ടായില്ല. കാറ്ററിൻസ് എന്ന് പേരുള്ള ആ സ്ത്രീ ഒരു കെട്ടിടനിർമാണ വിദഗ്ധനെ വിവാഹം കഴിച്ചു. ഫ്ളോറൻസിലായിരുന്നു അവരുടെ ജീവിതം.

റിൻഷീദ് മഹറൂഫ്

**IX-D**

## ചില ഗണിതശാസ്ത്രജ്ഞന്മാരുടെ
## അപരനാമങ്ങൾ

1. പ്ലേറ്റൊ (അരിസ്റ്റോക്ലസ്) - ഗണിതശാസ്ത്രജ്ഞന്മാരുടെ സ്രഷ്ടാവ്
2. ജ്യാമിതിയുടെ പിതാവ് - യൂക്ലിഡ്
3. ഭാസ്ക്കര - പണ്ഡിതൻ
4. അപ്പോളോണിസ് - മഹാനായ ജ്യാമിതീയൻ
5. ഹിപ്പാർക്കസ് - ത്രികോണമിതിയുടെ പിതാവ്
6. ഭാസ്ക്കരാചാര്യർ - ഭാരതത്തിൻെറ യൂക്ലീഡ്
7. കോപ്പർനിക്കസ് - ആധുനീക ജ്യോതിശാസ്ത്രത്തിൻെറ പിതാവ്
8. ക്രിസ്റ്റഫർ ക്ലാവിയസ് -16 നൂറ്റാണ്ടിലെ യൂക്ലിഡ്
9. ഡയഫോൻറസ് - ബീജഗണിതത്തിൻെറ പിതാവ്
10. സൈമൺ സ്റ്റെവിൻ - ഡച്ച് ആർക്കിമിഡീസ്
11. ജോൺ നേപ്പിയർ - ആധുനീക കാൽകുലേറ്ററുകളുടെ മുത്തച്ഛൻ
12. റെനെ ദെക്കാർത്തെ - ആധുനിക ഗണിതശാസ്ത്രത്തിൻെറ്റ പിതാവ്
    - അനലറ്റിക് ജ്യാമിതിയുടെ പിതാവ്
13. പിയാറെ ദെ ഫെർമ - 17-നൂറ്റാണ്ടിലെ മഹാനായ ഗണിത ശാസ്ത്രജ്ഞൻ
    - ആധുനീക സംഖ്യാശാസ്ത്രത്തിൻറ്റെ പിതാവ്
14. ഐസക് ന്യൂട്ടൺ - ലോകത്തിൻെറ ക്രിസ്മസ് സമ്മാനം
15. എബ്രഹാം ഡിമോയിവ്രെ - അനാലിറ്റിക് ത്രികോണ നിർമിതിയുടെ പിതാവ്

***16.*** ***ചാൾസ് ബാബേജ്*** ***-കമ്പ്യൂട്ടറിൻെറ പിതാവ്***

***17.*** ***ശകുന്തളാ ദേവി*** ***-കമ്പ്യൂട്ടർ വനിത***

***18.*** ***കാൾഫ്രഡറിക് ഗാസ്സ്*** ***-ഗണിത ശാസ്ത്രത്തിലെ രാജകുമാരൻ***

***-Akshaya vm***
***IX-D***

# ***13-ന്റെ നിർഭാഗ്യം***

***13 എന്ന സംഖ്യ അശുഭമായി ഇന്നും കരുതുന്നവരുണ്ടല്ലോ? 13 ന്റെ നിർഭാഗ്യവുമായി ബന്ധപ്പെട്ടുള്ള അനേകം കഥകളുണ്ട്. അതിൽ ഒന്ന് ഇവിടെചേർക്കുന്നു. സ്കാൻഡിനേവിയക്കാർക്ക് ഉണ്ടായിരുന്ന 12 ദിവ്യപുരുഷന്മാരുടെ കൂടെ 13 നാമത്തെലോകി ' ചേർന്നു. ലോകി ക്രൂരനും മറ്റുള്ളവരെ ദ്രോഹിക്കുന്നതിൽ സന്തോഷംകണ്ടെത്തുന്നവനും ആയിരുന്നു. ഇങ്ങനെയുള്ള ലോകി 13-ന്നാമനായതിനാൽ അവർക്ക് 13 എന്ന സംഖ്യ നിർഭാഗ്യത്തിന്റെ ചിഹ്നമായി.***

***-Akshaya. V.M***
***IX-D***

# എന്റെ ഭാരതം

*ജയ ജയ ജയ ഭൂമി*
*ധീരതയുടെ പുണ്യ ഭൂമി*
*പടനയിച്ച കീഴടക്കിയ*
*ഭാരത ഭൂമി*
*എന്റെ ഭൂമി സ്വതന്ത്ര്യ*
*ഭാരത ഭൂമി*
*സത്യത്തില കൊടിയുയർത്തി*
*ബ്രിട്ടീഷിൻ പത്തി താഴ്ത്തി*
*പതറാതെ തലയുയർത്തി*
*ബാപ്പൂജിതൻ കരമനസ്സിൽ*
*നെയ്യെട്ടത്ത ഭൂമി*
*എന്റെ ഭൂമി ഭാരത ഭൂമി*
*സ്വതന്ത്ര്യ ഭാരത ഭൂമി*

***തീർത്ഥ കെ***

***VII D***

# ആദ്യമുണ്ടായ മാമ്പഴം

ഒരിടത്ത് അപ്പു എന്നൊരുകുട്ടിയുണ്ടായിരുന്നു. അപ്പുവിന്റെ വീടിന്റെ മുറ്റത്ത് ഒരു വലിയ മാവുണ്ടായിരുന്നു. മാങ്ങകൾ ഉണ്ടാകുന്ന കാലത്തിനു വേണ്ടി അപ്പു കാത്തിരുന്നു. അങ്ങനെ മാങ്ങയുണ്ടാവുന്ന കാലം വന്നു. മാവ് പൂത്തു. അത് കണ്ടപ്പോൾ  അപ്പുവിന് കൊതിയായി. നാല് ദിവസം കഴിഞ്ഞ് അവൻ രാവിലെ ഉണർന്ന് നോക്കുമ്പോൾ ഒരു മാമ്പഴം. പക്ഷെ അവൻ മാമ്പഴം പറിച്ചതേയില്ല. കാരണം, അവൻ ആ ആദ്യമുണ്ടായ മാമ്പഴം പഴുത്തിട്ടേ പറിക്കൂ എന്ന വാശിയിലായിരുന്നു. കുറച്ചു നാളുകൾക്കു ശേഷം മുമ്പുണ്ടായതു പോലെ അവൻ രാവിലെ എഴുന്നറ്റ് നോക്കുമ്പോൾ ആദ്യം ഉണ്ടായ ആ മാമ്പഴം പഴുത്ത് നല്ല രുചിയും  മണവുമുള്ള മാമ്പഴമായിമാറി. അപ്പുവിന് സഹിക്കാൻ കഴിഞ്ഞല്ല. അവൻ വേഗം പോയി പല്ല് തേച്ച് മുഖം കഴുകി വന്നു. അവൻ മാമ്പഴം പറിച്ച് കഴിക്കാൻ പോയതും അവന്റെ അമ്മ പറഞ്ഞു :- അപ്പു വന്ന് ചായ കുടിക്ക് എന്നിട്ട് മാമ്പഴം കഴിക്കാം. അപ്പു അമ്മ പറഞ്ഞതനുസരിച്ച് പോയി ചായ കുടിച്ചു. ചായ കുടിച്ചുകഴിഞ്ഞ് അവൻ ആ മാമ്പഴം പറിച്ച് കഴുകി മുറിച്ചു. അവൻ നാല്

***ഭാഗങ്ങളായിട്ടാണ് മുറിച്ചത്.അതിൽ ഒരു ഭാഗം അച്ഛനും , മറ്റേ ഭാഗം അമ്മയ്ക്കുംവേറെയൊരുഭാഗം ചേച്ചിക്കും കൊടുത്തു. അവസാനമുണ്ടായ ഭാഗം അവനും കഴിച്ചു.***

***ത്രിഷ .പി. ഗിരീഷ്***

***V C***

# *FRIEND A PRECIOUS GIFT*

***My friend is who always with me***
***she makes me smile even***
***I am sad***
***I share my joy with my friend***
***hundred books are equal to***
***hundred good friend***
***But one good friend is equal to a library***
***my mind is like a rainbow,***
***fragrance flowers and***
***a flying butter fly***
***I am very sure***
***my friend will be***
***always with me in every moment***
***she is my all…..***
***all….all….***

***- Shafna***
***VII D***

# ഗണിതശാസ്ത്രത്തിലെ രാജകുമാരൻ

അതിപ്രഗത്ഭരും അസാമാന്യപ്രതിഭാശാലികളും അനേകം ഗണിത ശാസ്ത്രജ്ഞമാർ ഉണ്ടായിരുന്നെങ്കിലും അതിൽ ഒരാൾ മാത്രമാണ്"ഗണിതശാസ്ത്രത്തിലെ രാജകുമാരൻ" എന്നറിയപ്പെട്ടത്; ജർമൻ കാരനായ കാൾ ഫ്രഡറിക് ഗാസ്സ്. സംഖ്യാശാസ്ത്രത്തിന്റെ എല്ലാ ശാഖകളിലും സംഭാവന നൽകിയ അദ്ദേഹം ജീവിത അവസാനം വരെ ഗണിതഗവേഷണത്തിൽവ്യാപൃതനായിരുന്നു. ഇരുപത്തി നാലാം വയസിൽ പ്രസ്ഥീകരിച്ച സംഖ്യാശാസ് ത്രത്തെപ്പറ്റിയുള്ള ഗ്രന്ഥത്തലാണ് ഗൗസിന്റെ പ്രധാനകണ്ടു പിടുത്തങ്ങൾ ഉൾപ്പെടുത്തിരിക്കുന്നത്. ബീജഗണിതം, ക്ഷേത്രഗണിതം, അങ്കഗണിതം, എന്നിവയിലെല്ലാമുള്ള ആശയങ്ങൾ ഇതിൽ ചേർത്തിട്ടുണ്ട്. ഈ ഗ്രന്ഥം സംഖ്യാശാസ്ത്രത്തെ ഗണിതശാസ് ത്രത്തിന്റെ സുപ്രധാന ശാഖയായി വളർത്തി. ഭൂതലത്തിന്റെ ആകൃതിയും പരപ്പളവും നിർമയിക്കുന്നതിനുള്ള ഗൗസിന്റെ ഗവേഷണങ്ങൾ വക്രതലങ്ങളുടെ ക്ഷേത്രഗണിതം എന്ന ഒരു പുതിയ ശാഖയിൽ എത്തിച്ചേർന്നു.

-Mufsina

IX-D

# *चाँदनी*

*मेरी प्यारी प्यारी चॉदनी*
*तू कहॉ से आते इधर*
*ईतनी शॊभा तुमकॊ किस दिया*
*रात मॆं तू कितना सुनदर हॆं*
*मॆं तुमॆं पयार करती हूं*
*तू मॆरा पास आयॆ हॆ न ?*

*मॆं तुम कॊ पृतीकशा करती हू*
*तॆरा शॊभा मुझॆ भी दॆ दॊ*
*मॆरा पयारी पयारी चाँदनी*
*मॆ सॊतॆ वकत तुम कयॊं*
*मॆरी खिडकी सॆ चोकनी नजर सॆ दुखतॆ हॆं*
*तुम कयों तॆरा पृकॊाश मॆरी मुख पर लगती हॆं*
*मॆरी पयारी पयारी चाँदनी*

***Roshini sanjay***
***VIII-B***

# കവിത


അമ്പിളിമാമ്മ ചന്ദനമാമ്മ കൺതുറക്കുവിൻ
മേലോട്ടു നോക്കു നക്ഷത്രക്കൂട്ടം(2)
സൂര്യൻ തിളങ്ങുന്നു ഭൂമി ചിരിക്കുന്നു(2)
(അമ്പിളിമാമ്മ)
താഴെട്ടു നോക്കു വാൽനക്ഷത്രം
സൂര്യൻ തിളങ്ങുന്നു ഭൂമി കറങ്ങുന്നു(2)
(അമ്പിളിമാമ്മ)
കമ്മലിനൊക്കും പൂവുകൾചാരോ
നല്ല പതുത്തൊരു പച്ചിലക്കൂട്ടം
(അമ്പിളിമാമ്മ)

ദേവനന്ദ
V-B




***ജീവൻ കൃഷ്ണ***

***X-D***




***ജീവൻ കൃഷ്ണ***

***X-D***



**ജീവൻ കൃഷ്ണ X-D**



ഷാരോൺ ടി ജെ

*IX-C*

# കടങ്കഥകൾ

**1.** എന്റെ ഉള്ളിൽ അറബികടൽ,
അതിനു മേലെ വെള്ളിത്തകിട്,
അതിനു മേലെ പൊന്നിൻത്തകിട്
ചുറ്റിലും പൊന്തം പൊന്തം
-തേങ്ങ

**2.** എട്ടെല്ലൻ കുട്ടപ്പനൊറ്റക്കാലൻ
-കുട

**3.** ആയിരം കുഞ്ഞാശാരിമാർ ഇരുന്ന്
നെരങ്ങിപ്പണിത മൺ പുരം
-ചിതൽ പുറ്റ്

**4.** ആരും നൂളാ നൂറ്റയിലൂടെ ആളൊരു
ചിന്നൻ നൂണ്ടു കടക്കും
-സൂചി

**5.** ഇരുട്ടു കീറുന്ന വജ്ര സൂചി
-മിന്നാമിനുങ്ങ്

**6.** ആയിരം ആശാരിമാർ കൂട്ടിയുണ്ടാക്കിയ
കൊട്ടാരത്തിന് നിറച്ചും തുള, വാതിലില്ല
-തേനീച്ചക്കൂട്

**7.** ഇരുകൈയുണ്ടെന്നാലും വിരലുകളിലൊന്നുംകാതില്ല,

കണ്ണില്ല, കാലില്ല, വായില്ല, എല്ലില്ല, പല്ലില്ല, തലയില്ല

എന്നാലും ആളെ വിഴുങ്ങുന്ന തടിയനാം പെരുവയറൻ

ആരെന്നറിയാമോ?

-കുപ്പായം



**8.** ഇട്ടിലിട്ടക്കിലിളുക്കാശി തെങ്ങിന്മേൽ

പത്ത് നൂറ് കൊട്ടത്തേങ്ങ

- ഈന്തപ്പന

**9.** ജീവനില്ല ,കാലുമില്ല, ഞാൻ എത്താത്ത ഇടവുമില്ല,

എന്നെ കൂടാതെ നിങ്ങളുടെ

ജീവിതം ദുഷ്കരം

-നാണയം



**10.** കൊച്ചിയിൽ വിതച്ചത് കൊല്ലത്ത് കൊയ്യും

- മത്തങ്ങ

**11.** മാനത്തെ കുമ്പളയ്ക്ക്

പിടിക്കാൻ ഞെട്ടില്ല

-ചന്ദ്രൻ



**12.** ഉരുട്ടാം പിരട്ടാം എടുക്കാൻ വയ്യ

-കണ്ണ്



**13.** ഒരു ഭരണിയിൽ രണ്ടച്ചാർ

-കോഴിമുട്ട

**14.** കയ്യിൽ കയറി മെയ്യിലൊളിച്ചു

-ചോറുരുള

***15.*** ***ഉറങ്ങും പക്ഷേ കണ്ണടക്കില്ല***

***-മീൻ***



# കടങ്കഥകൾ

- ഞെട്ടില്ല വട്ടയില ?

 -പപ്പടം

- അടി മുള്ള് നട്ട കാട് തല പൂവ് ?

 -പൂവൻ കോഴി

- അടിയിലും മുകളിലും തട്ടിട്ടിരിക്കുന്ന തച്ചനാര്?

 -ആമ

- അമ്മയെ തൊട്ടാൽ മക്കൾ വെന്തുമരിക്കും

 -തീപ്പെട്ടിക്കൊള്ളി

- ആദ്യം പൊന്തിപ്പൊന്തി പിന്നെ തൂങ്ങിത്തൂങ്ങി ?

 -വാഴക്കുല

- ആയിര പറ അവിലിൽ ഒരു ചൂല് കൊട്ടത്തേങ്ങ ?

 -നക്ഷത്രങ്ങളു ചന്ദ്രനും

- ആയിരം പോലീസിന് ഒരു ബെൽറ്റ് ?

 -ചൂല്

- ഓടും കുതിര ചാടും കുതിര വെള്ളം കണ്ടാൽ നിൽക്കും കുതിര ?

 -ചെരുപ്പ്

- മുറ്റത്തെ ചെപ്പിനടപ്പില്ല ?

 -കിണർ

- കൊക്കിരിക്കും കുളം വറ്റി വറ്റി ?

 -കത്തിച്ച വിളക്ക്

# എളുപ്പത്തിൽ ഗുണനം

- ഒരു സംഖ്യയെ 25 കൊണ്ട് ഗുണിക്കാൻ സംഖ്യയുടെ വലതുവശത്ത് 2 "0" ചേർത്ത് 4 കൊണ്ട് ഹരിക്കണം.

  - 43*25 = 4300/4 = 1075
- ഒരു സംഖ്യയെ 15 കൊണ്ട് ഗുണിക്കാൻ സംഖ്യയുടെ കൂടെ വലതുവശത്ത് ഒരു " 0" ചേർത്തശേഷം പകുതി കൂട്ടണം.

  - 18*15 = 180+90=270
- ഒരു സംഖ്യയെ 125 കൊണ്ട് ഗുണിക്കാൻ സംഖ്യയുടെ വലതുവശത്ത് 2 പൂജ്യം ചേർത്ത് നാലിലൊന്ന് കൂട്ടണം.

  - 22*125 = 2200+550 = 2750
- ഒരു സംഖ്യയെ 9 കൊണ്ട് ഗുണിക്കാൻ സംഖ്യയുടെ വലതുവശത്ത് ഒരു 0 ചേർത്ത് സംഖ്യ കുറയ്ക്കണം.

  - 26*9 = 260-26 = 234
- ഒരു സംഖ്യയെ 1 1\2 കൊണ്ട് ഗുണിക്കണമെങ്കിൽ സംഖ്യയോട് സംഖ്യയുടെ പകുതി കൂട്ടിയാൽ മതി.

  - 68*1 1/2= 68+34= 102
- ഒരു സംഖ്യയെ 11 കൊണ്ട് ഗുണിക്കാൻ സംഖ്യയുടെ വലതുവശത്ത് ഒരു 0 ചേർത്ത് സംഖ്യ കൂട്ടണം

  - 335*11= 3350+335= 3685
- ഒരു സംഖ്യയെ 1 1/4 കൊണ്ട് ഗുണിക്കാൻ സംഖ്യയോട് സംഖ്യയുടെ നാലിലൊന്ന് കൂട്ടിയാൽ മതി

  - 32*1 1/4 = 32+8=40
- ഒരു സംഖ്യയെ 50 കൊണ്ട് ഗുണിക്കാൻ സംഖ്യയുടെ വലതുവശത്ത് 2 പൂജ്യം ചേർത്ത് പകുതിയാക്കണം

  - 73*50=7300/2=3650

അക്ഷയ വി എം IX-D

# മഹത് വചനങ്ങൾ

- എന്റെ ജീവിതമാണ് എന്റെ സന്ദേശം

_ മഹാത്മഗാന്ധി

- ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്

_ശ്രീ നാരയണ ഗുരു

- സൗന്ദര്യത്തെ സ്നേഹിക്കരുത്

നിങ്ങളുടെ ജീവിതം
ആരാണോ സുന്ദരമാക്കുന്നത്
അവരെ സ്നേഹിക്കുക

_രവിന്ദ്രനാഥ ടാഗോർ

- ഉണരുക എഴുന്നേൽക്കുക

ലക്ഷ്യം നോടുന്നതുവരെ
പ്രയത്നിക്കുക _സ്വാമി വിവേകാനന്ദൻ

- പണം കൊണ്ട് ക്ലോക്ക് വാങ്ങാം

നേരം വാങ്ങാൻ കഴിയില്ല
പണം കൊണ്ട് പുസ്തകം വാങ്ങാം
അറിവ് വാങ്ങാൻ കഴിയില്ല
പണം കൊണ്ട് രക്തം വാങ്ങാം
ആയുസ്സ് വാങ്ങാൻ കഴിയില്ല
പണം കൊണ്ട് പദവി നേടം
എന്നാൽ ആദരവ് വാങ്ങാൻ കഴിയില്ല
പണം കൊണ്ട് വീട് വാങ്ങാം
സ്നേഹമുള്ള കുടുംബം നേടൻ

_സ്വാമി വിവേകാനന്ദൻ

- വിജയികൾ അവർ ഒരിക്കലും

പരാജയപ്പൊടത്തവരല്ല മറിച്ച്
ഒരിക്കലും ഉപേക്ഷിക്കാത്തവരാണ്

ഡോ. എ. പി. ജെ. അബ്ദുൾ കലാം

# 123451678493

***One day Mother said: “Sita , I will tell you how to grow your own flowering plant.” Sita was excited. She will soon have a plant of her own. Mother gave Sita a flower pot and filled it with good, wet soil. She then gave Sita seeds. Sita sowed them in the pot. “What flower will the plant give me?” asked Sita.“You will know very soon when the blooms. Till then water the pot and look after the plant carefully” said Mother. Sita watered the flower pot with a watering can. The weather was bright and sunny for three days. On the fourth day there was rain. Sita did not have to water the pot that day. When the rain stopped, Sita ran out to look at the flower pot. There was no plant in it. Sita was sad. “Wait” said mother. “Wait for a few more days. You will see a little plant come up.”At last , after eight days a small plant peeped out of the soil in the pot. “My baby plant” cried Sita happily. The plant looked soft. It was light green in colour. There were just two very small, silky smooth leaves. Day by day the plant grew. Mother put some white powder in the soil.***

***“What is that?” asked Sita “It is food for the plant to grow well. It is called fertilizer” said mother. As the plant , grew it became stronger. There were more leaves. They were thicker and bigger now. Sita took care of the plant and waited for it to flower. At last one day there was a small bud on the tip of the plant. Sita kissed the bud gently and whispered,“Open my dear bud. Open and became a flower.”Soon the bud opened and a yellow flower smiled at Sita. Sita was delighted. She smiled at the flower. It was a sunflower. She called it “Sunbeam.”***

***Geethika lejeesh***
***9-D***

# MOTHER AND FATHER

*My mother is my god*
*My father is my lord*
*They give lot of love*
*They give lot of care*

*When I cry*
*They will be sad*
*When I have a problem*
*They solve that and help me*

*We can pray for them*
*We can do for them*
*They give bless and care*
*And also love……..*

*Ajesh*
*9-C*

# *MY VILLAGE*

***My village is like a wonderful garden to me .It is because there are tree , birds and the plants is the garden there are also many houses , fields , people and children sound and chattering of birds are spread around there are many friends . there is a big play ground for us to play fresh air winds keep us a fresh every time the sound of birds make me happy when I feel sad the tree will tell the stories by moving their branches and by cutting the leaves when the rain come down the small stream will become big and we catches fish and play in the streams . during the summer season I miss my village because I had go to many places as tour when I come back I go with my friends in the village there is one school named G H S S ANAPPARA. My village is in anappara. In front of my house there is a day care centre. There are many children and all Saturday I meet them. I like my village. Because there are many amazing things given by the nature as a gift .Many many nature plants are grown in my village. When we look up to the sky it look like a play ground. The field is my village. They are very big. There also have paddy plantation etc. There is a stream flowing through the field. When the rain comes to the paddy is under the water during rainy seasons the paddy stream appear to be as streams. My village is like a heaven to me. I have a dream to keep my village safe and a land mark in the history. Village is agreat thing, which have a lot of joy.***

***Nithin Raj***
***9-A***

# പ്രവാസികൾ

അച്ഛൻ എനിക്ക് ഒരു ഓർമ്മ മാത്രമാണ്. കാരണം, ഞാൻ അച്ഛനെ കണ്ടിട്ടില്ല. അച്ഛൻ ഒരു പ്രവാസിയാണ് ഞങ്ങളുടെ നാട്ടിൽ നിന്നും ആദ്യം ഗൾഫിലേക്ക് പോയതും അച്ഛനായിരുന്നു. അവസാനമായി അച്ഛൻ നാട്ടിലേക്ക് വന്നത് ഞാൻ ജനിച്ചപ്പോഴായിരുന്നു. അന്ന് ഇവിടെ അച്ഛൻ നാലഞ്ച് ദിവസം ഉണ്ടായിരുന്നുഎന്ന് അമ്മ പറഞ്ഞിരുന്നു.ഞങ്ങളുടെ വീട്ടിൽ നിറയെ ആളുകൾ ഉണ്ട്. എല്ലാവരും സ്വന്തക്കാരും ബന്ധുക്കാരും ആയിരുന്നു.അമ്മ,മുത്തശ്ശൻ,മുത്തശ്ശി,ചെറിയച്ഛൻ, ചെറിയമ്മ,അമ്മായി എന്നിങ്ങനെ. അമ്മായിയുടെ കല്ല്യാണം കഴിഞ്ഞതാണ്. പക്ഷേ, അമ്മാവൻ അമ്മായിയെ ഇടക്കിടെ വീട്ടിൽ കൊണ്ടുവന്നാക്കും.മാമന് പൊളാച്ചിയിലോ മറ്റോ ഒരു ഭാര്യയും കുടുംബവും ഉണ്ടെന്ന് അമ്മ പറഞ്ഞ്എനിക്കറിയാം.അത്കൊണ്ട് മുത്തശ്ശൻ മാമനെ വീട്ടിൽ കയറ്റില്ല. മുത്തശ്ശൻ ഒരു വാശിക്കാരനാണ്, “ താൻ പിടിച്ച മുയലിന് മൂന്ന് കൊ മ്പ് " എന്നതുപോലെ മുത്തശ്ശന്റെ അടുത്ത് വാദിച്ചു ജയിക്കാൻ ആർക്കും കഴിയില്ല. വീട്ടിലെ്ചപണം കൈകാര്യം ചെയ്യുന്നത് മുത്തശ്ശനാണ്. അമ്മയയും ചെറിർയമ്മയും പണം ചോദിച്ചാൽ മുത്തശ്ശൻകൊടുക്കാറില്ല, എന്നു മാത്രമല്ല ഒരു ചോദ്യം കൂടിയുണ്ട്" ഉം... പെണ്ണുങ്ങൾക്കെന്തിനാ പണം...?” ഞാനോർക്കുന്നു, ഒരിക്കൽ എനിക്ക് ചെരുപ്പ് വാങ്ങാൻ വേണ്ടി അമ്മ മുത്തശ്ശനോട് കുറച്ചു പൈസചോദിച്ചു. കൊടുത്തില്ലെന്നു മാത്രമല്ല, അമ്മയെ ശകാരിക്കുകയും ചെയ്തു. വിഷമിച്ച അമ്മ എന്റെ അടുത്ത് പറഞ്ഞിട്ടുണ്ട്, “ അയാളുടെ പണമൊന്നുമല്ലല്ലോ ..എന്റെ ഭർത്താവ് മാസാമാസം അയച്ചു കൊടുക്കുന്നതല്ലേ. വളരെ വിഷമിച്ച അമ്മ അന്നൊരു ദിവസം പട്ടിണി കിടന്നു.അന്ന് അമ്മ ഉറക്കത്തിൽ പറഞ്ഞു “ശങ്കരേട്ടാ.... ഒന്നു വേഗം വരൂ..”. മുത്തശ്ശി വളരെ പാവമാണ്. മുത്തശ്ശൻ പണം തന്നില്ലെങ്കിൽ മുത്തശ്ശിയാണ് പണം തരിക .എന്നെയും മുത്തശ്ശിക്ക് വലിയ ഇഷ്ടാ....., മുത്തശ്ശി ചില രാത്രികളിൽ എന്നെ മടിയിൽ ഇരുത്തി കഥകളും കവിതകളും പറഞ്ഞു തരുമായിരുന്നു. മുത്തശ്ശി എന്റെ അടു

ത്ത് പറഞ്ഞിട്ടുണ്ട്" ശങ്കരൻ എന്റെ മടിയിലാണ് കിടക്കുക". അപ്പോഴും അച്ഛനെന്നത് എനിക്കൊരോർമ്മ മാത്രമായിരുന്നു. ചില രാത്രികളിൽ എന്റെ മനസ്സിലുള്ള അച്ഛന്റെ സാങ്കൽപ്പിക മുഖം ഞാൻ സ്വപ്നംകാണാറുണ്ടായിരുന്നു. രാത്രികളും പകലുകളും കടന്നുപോയിരുന്നു. രണ്ട് വർഷം കഴിഞ്ഞു. നാല് ദിവസം കൂടി കഴിഞ്ഞാൽ എന്റെ പിറന്നാളാണ്. അന്ന് എനിക്ക് പന്ത്രണ്ട് വയസ്സാവും. അച്ഛൻ വരാമെന്നു പറഞ്ഞിട്ടുണ്ട്. ഞാൻ ചില ദിവസങ്ങളിൽ മനസ്സിൽ പറഞ്ഞിട്ടുണ്ട്" അച്ഛാ...... ഞാൻ അച്ഛനെ കാത്തിരിക്കുകയാണ്, വേഗം വാ അച്ഛാ..................". ഇതിനിടെ ഞാൻ അച്ഛന്റെ ശബ്ദം കേട്ടു. ഇത്രയും കാലം കത്തിലൂടെയും മറ്റും ആയിരുന്നു അച്ഛൻ ഞങ്ങളെ ബന്ധപ്പെട്ടിരുന്നത്. ഞങ്ങൾ തിരിച്ചു. കുറച്ചു മാസങ്ങൾക്ക് മുമ്പ് നാട്ടിലെ കേശവേട്ടന്റെ കടയിലും ചാർലിച്ചായന്റെ വീട്ടിലും ഫോൺ വന്നു. ഗൾഫിൽ നിന്ന് അച്ഛൻ വിളിക്കാൻ തുടങ്ങി. മുത്തച്ഛൻ കിടപ്പിലായത് കൊണ്ട് വീട്ടിലെ കാര്യങ്ങളെല്ലാം ചെറിയച്ഛനാണ് നോക്കാറ്. ചെറിയച്ഛൻ എനിക്ക് മനോഹരമായ ഒരു പിറന്നാൾ ആഘോഷം ഒരുക്കിയിട്ടുണ്ട്. ഞാനിന്ന് നേരത്തെ എഴുന്നേറ്റ് കുളിച്ച് കഴിഞ്ഞ് അമ്മയുടെ കൂടെ അമ്പലത്തിൽ പോയി തിരിച്ചുവരുന്നതിനു മുമ്പ് അച്ഛൻ വരുമെന്നാണ് അമ്മ പറഞ്ഞത്. പക്ഷേ ഞങ്ങൾ വീട്ടിൽതിരിച്ചെത്തിയപ്പോളും അച്ഛൻ വന്നില്ല. ചെറിയച്ഛൻ പറഞ്ഞുസന്ധ്യയ്ക്കു മുൻപ് വരും". പക്ഷേ അച്ഛൻ സന്ധ്യക്കും വന്നില്ല. എനിക്ക് വളരെ വിഷമമായി. ഞാൻ കസേരയിൽ ഇരുന്നു താടിക്കുകൈകൊടുത്ത് ഇരുട്ടിന്റെ അഗാധതയിലേക്ക് നോക്കിക്കൊണ്ട് അച്ഛനെ കാത്തിരുന്നു.......................

അഭിജിത്ത് പി എസ്

9-D

# പഴഞ്ചൊല്ലുകൾ

- നിറകുടം തുളുമ്പില്ല.
- നിങ്ങൾ നന്നെങ്കിൽ ലോകം നന്ന്
- വരവറിഞ്ഞേ ചിലവ് ചെയ്യാവൂ
- അല്പജ്ഞാനം അപകടം.
- വിതച്ചതേ കൊയ്യൂ.
- കുരയ്ക്കും നായ് കടിക്കില്ല.
- സന്തോഷം തന്നെ സമ്പത്ത്.
- ഐക്യമത്യം മഹാബലം.
- പലതുള്ളി പെരുവെള്ളം.

മുള്ളിനെ മുള്ള് കൊണ്ട് എടുക്കുക.

ജോയ്സ് ഷൈജു

IX-D

# ക്വിസ്

1. ചന്ദ്രന്റെ വലുപ്പം കണക്കാക്കിയ ഭാരതീയ ശാസ്ത്രജ്ഞൻ ആര്?

   ആര്യഭടൻ

2. ആധുനിക ബഹിരാകാശ ശാസ്ത്രത്തിന്റെ പിതാവ് ആര്?

   ഗലിലിയോ

3. ചന്ദ്രയാൻ വിക്ഷേപിച്ച വർഷം ഏത്?

   2008 ഒക്ടോബർ 22

4. ചന്ദ്രനിലെ ഏറ്റവും ആഴം കൂടിയ ഗർത്തം ഏത്?

   ന്യൂട്ടൻ ഗർത്തം

5. ആദ്യം ചന്ദ്രപരിവേഷണം നടത്തിയ രാജ്യം ഏത്?

   റഷ്യ

6. ബഹിരാകാശ ദിനം എന്നാണ്?

   ഏപ്രിൽ 12

7. ചാന്ദ്രയാൻ എന്ന പേര് കണ്ടെത്തിയത് ആര്?

   പാജ്പൈ

8. മനുഷ്യൻ ആദ്യമായി ചന്ദ്രനിൽ കാലുകുത്തിയത് എപ്പോൾ?

   1969 ജൂലൈ 21

9. ചന്ദ്രനെ കുറിച്ച് പഠിക്കുന്ന ശാസ്ത്രശാഖ ഏത്?

   സെലനോളജി

10. ചന്ദ്രനിലെ മണ്ണിന്റെ പേര് എന്താണ്?

    റിഗോലിത്ത്

വിഷ്ണു. എം
IX-d

# മലയാള സാഹിത്യ ക്വിസ്

➔ ഇന്ത്യയുടെ ഷേക്സ്പിയർ എന്ന് വിശേഷിക്കപ്പെടുന്നതാരെ ?

-കാളിദാസൻ

➔ കേരള ഗ്രന്ഥശാല സംഘത്തിന്റെ സ്ഥാപകനാര്?

-പി.എൻ.പണിക്കർ

➔ മലയാളത്തിലെ ലക്ഷണമൊത്ത ആദ്യ നോവൽ?

-ഇന്ദുലേഖ

➔ മലയാളത്തിലെ ഏറ്റവും വലിയ നോവൽ ?

-അവകാശികൾ

➔ മലയാള ഭാഷയുടെ പിതാവ്?

-തുഞ്ചത്തെഴുത്തച്ഛൻ

➔ പഞ്ചതന്ത്ര കഥകളുടെ സ്രഷ്ടാവ്?

-വിഷ്ണുശർമ്മ

➔ എസ് കെ പൊറ്റക്കാടിന് ജ്ഞാനപീഠം ലഭിച്ച കൃതിയേത്?

-ഒരു ദേശത്തിന്റെ കഥ

➔ ഭക്ത കവി എന്നറിയപ്പെടുന്ന പ്രാചീന കവി ?

-പൂന്താനം

➔ കേരള വാൽമീകി എന്നറിയപ്പെടുന്നതാര്?

-വള്ളത്തോൾ നാരായണ മേനോൻ

➔ മലയാളത്തിലെ ഏറ്റവും വലിയ സാഹിത്യ പുരസ്കാരം ?

-എഴുത്തച്ഛൻ പുരസ്കാരം

-രഞ്ജിത്ത്. കെ ആർ

**IX-D**

## രാമുവിന്റെ പിശുക്ക്

ഒരിടത്ത് രാമു എന്ന കൃഷിക്കാരനുണ്ടായിരുന്നു. തന്റെ ഭാര്യ യും മകനും അടങ്ങിയ ഒരു ചെറിയ കുടുംബമായീരുന്നു രാമു വിന്റെ കുടുംബം. രാമുവിന്റെ കുടുംബം വളരെ പാവപ്പെട്ടതാ യിരുന്നെങ്കിലും രാമു മഹാപിശക്കനായിരുന്നു. എന്നാൽ രാമു കൃഷിക്കാരനാണെന്ന് പറഞ്ഞിട്ടുംകാര്യമില്ല. കാരണം രാമു തനിക്ക് തോന്നുമ്പോൾ മാത്രമേ ജോലിക്ക് പോവാറുള്ളു. അതു കൊണ്ടുതന്നെ രാമു നാട്ടിൽ പിശുക്കൻ എന്നാണ് അറിയപ്പെ ട്ടിരുന്നത്. രാമുവിന്റെ കൈയ്യിൽ പൈസ കിട്ടിയാൽ രാമു അത് വീടിന്റെ ഉള്ളിലെ മുക്കിലും മൂലയിലും കുത്തി തിരുകി വെക്കു മായിരുന്നു. ചില്ലറകൾ വരെ നോട്ടുകളാക്കി മാറ്റിയായിരുന്നു രാ മു അത് സൂക്ഷിച്ചിരുന്നത്. ഒരു ദിവസം രാമുവും കുടുംബവും ദൂരെഒരു ക ല്ല്യാണത്തിനുപോയി. തിരിച്ചെത്തിയപ്പോൾ നേരം രാത്രിയായിരുന്നു. രാമുവും കുടുംബവുംവീട്ടിലെത്തിയപ്പോൾ അതാ വീടീന്റെവാതിൽ തുറന്നു കിടക്കുന്നു. അവർ അകത്തു കയറി നോക്കിയപ്പോൾ അവരുടെ വസ്തുങ്ങളും പാത്രങ്ങളുമെ ല്ലാം തറയിൽ വിണുകിടക്കുന്ന രാമു വേഗം പോയി തന്റെ പൈസകളെല്ലാം അവിടെ ഉണ്ടോ എന്നറിയാൻ പോയി നോ ക്കിയപ്പോൾ അവിടെ രാമു സൂക്ഷിച്ചു ർവെച്ചിരുന്ന ഒരു രൂപ പോലും അവിടെ കാണാൻ ഉണ്ടായിരുന്നില്ല. രാമുവിന്റെ ഭാര്യ

*യുടെ അടുക്കൽ രണ്ട്സ്വർണ്ണവള മാത്രമേ ഉണ്ടായിരുന്നു ള്ളൂ. അവർക്കുണ്ടായിരുന്ന ഒരു സ്വർണ്ണമായിരുന്നു അത്. അത് അവിടെ നിന്ന് കാണാൻ ഉണ്ടായിരുന്നില്ല. അവർ കല്ല്യാ ണത്തി നു പോയ തക്കത്തിന് ഏതോ ഒരു കള്ള ൻ അവരുടെ സ്വർണ്ണ വും പൈസയുമെല്ലാം കൊണ്ടുപോയിരുന്നു. ഈ സംഭ വം രാ മുവിന് താങ്ങാനുന്നതിലും അപ്പുറമായിരുന്നു. ഈ സം ഭവത്തി നു ശേഷം രാമു ജോലിക്ക് എല്ലാ ദിവസവും പോവാൻ തുട ങ്ങി. തനിക്ക് കിട്ടുന്ന പൈസ ആവശ്യങ്ങൾക്ക് ചിലവഴിക്കാ നും തുടങ്ങി.*

***ഗുണപാഠം :-** പിശുക്ക് പാടില്ല. അത് നമ്മെ നഷ്ടത്തിലേക്ക് നയിക്കും*

*അശ്വന്ത് ഋഷികേശ്*

***IX-C***

# ഇന്ത്യയുടെ രാഷ്ട്രപതിമാർ

1. ഡോക്ടർ രാജേന്ദ്രപ്രസാദ്
2. ഡോക്ടർ എസ് രാധകൃഷ്ണൻ
3. ഡോക്ടർ സാക്കിർ ഹുസൈൻ
4. വി വി ഗിരി
5. ഫക്രുദ്ദീൻ അലിഅഹമ്മദ്
6. നീലം സഞ്ജീവറെഡ്ഡി
7. ഗ്യാനി സെയിൽസിംഗ്
8. ആർ വെങ്കട്ടരാമൻ
9. ഡോക്ടർ ശങ്കർദയാൽശർമ്മ
10. കെ ആർ നാരായണൻ
11. ഡോക്ടർ എ പി ജെ അബ്ദുൾ കലാം
12. പ്രതിഭാ ദേവീസിംഗ് പാട്ടീൽ
13. പ്രണബ് കുമാർ മുഖർജി
14. റാം നാഥ് കോവിന്ദ്

**അനീസ്.കെ.കെ**

***IX-C***

# *Social media : boon or curse*

***Social media basically means any human communication or sharing informations on internet that occurs through the medium of computer, tablet or mobile etc..... There are numerous websites and apps to make it possible. Social media is now becoming one of the largest means of communication and gaining its popularity rapidly.***

***The effect of social media on our way of life is inevitable. The social media has done as much as good and bad to our educational structure.***

***Social media did make the world a smaller place, now we have more information, more knowledge and have better opportunities to use it. Social media improved out the ability to observe***

***informations. We have an extreme case in processing and we are evolving quickly.***

***It has brought awareness, Google has helped over two millions students in their education using their tools.***

***At the same time it has also got number of negatives. Students are having a harder time getting to communicate face to face with people, and are losing their social skills, due to that they are spending more time behind a screen. The attention to details, attention to pronunciation and grammar has declined drastically, because most of the communication that happens online is not proper. Social media has become a major distraction to students causing all overall performance of students to decline.***

***Conclusion:***

***Social media has its merits and demerits. The benefits of science have reached a very man. So, it can neither be a blessing or a curse depending on how the person uses it. So we should try our best to utilize it in a positive way and prove it be a blessing for us.***

***-Haneena Parvin***
***10 D***

# ***The miller's daughter and the small man***

***Once there was poor miller he had a daughter she was very beautiful. Her name is Sweete. One day the king's palace the miller reached there to impress the king he said that he had a beautiful daughter who could spin straw into gold. The king said tomorrow wanted to bring her in the place. Okay said the miller.***

***The next day the miller said that happened in the palace. She said I will go the day she went to the king. Your majesty why did you call me?. I call you because your father said you are beautiful and you could spin straw into gold. The king went to the small room full of spin. The king said. "If you do not spin all this straw into gold by early morning you and your father will die. Sweete was alone in the room she don't want to do she started crying. Same after a small man came then the man asked to her why are crying. She said all thing that happens the mall man said don't cry I will help you but what will you give me if I do that for you?.***

***I will give my bangles she said. The man sat in front of the wheels and started this work. It turned three times and the box was full. The man finished the straw and he go the next morning the king come to the room and open the door he surprised he cannot believe his eyes. The next night the king give a room full of straw. If you do not spin this all straw into gold the next morning you will die. The man came again what do you give me if I do all this. I will give my ring. And the next day the king came to the room she was siting on the chair. He said I will gave you tomorrow a room full of straw. You will do it ll I will marriage you I am sure. Next day she started crying. the man come again. If I will do all thing what do you give me.***

***The girl started crying and said I don't have anything to you gave it don't cry you promise that if you became a princes you want to gave your first child to me okay said the girl when she had born a baby. Baby looking so beautiful. She was very happy. She don't remember the promise that she had gave to that man. One day her baby was alone in the room. The man said that did you remember your promise that you will gave me your child. I will not gave you my child. Okay I will give you one more chance you want to tell my name. I will give you three days okay the smart man said on the first day the small man came there, she read some names vens,drawf,saju,raju. No it is not my name you can never find my name. The second day she ordered her minister to say some names the night the small man came are you meden,findgo,ridet. No tomorrow is the last day .The next day the minister said "near the forest in walking time I see one small man dancing in one leg he heard that the tomorrow I will take my princess in my place. Ha! Ha!" his name is Ramplisinsill. "Thank you" I will give you my chain said the miller the night the small man came again are you blue man green man no no are you Ramplisinsill. Yes how you know my name the king and the sweete and her baby lived happily. The small man didn't came again.***

***-Rabeeba***
***9-A***

# അനുസരണ

ഒരിടത്ത് ഒരു അമ്മയും മകനും ഉണ്ടായിരുന്നു. മകന്റെ പേര് അപ്പൂസ്. ഒരു ദിവസം അപ്പൂസിന്റെ വീട്ടിലേക്ക് അവന്റെ കൂട്ടുക്കാർ വന്നു. കൂട്ടുകാർ അപ്പൂസിനെ വിളിച്ചു . " അപ്പൂസേ.... അപ്പൂസേ..." അപ്പൂസ് മുറ്റത്തേക്ക് ഇറങ്ങി വന്നു " എന്താ കൂട്ടുകാരെ എന്തിനാണ് വിളിച്ചത്." " നീ കളിക്കാൻ വരു ന്നില്ലെ?" അപ്പൂസ് മറുപടി പറഞ്ഞു. " നിൽക്ക് ഞാൻ അമ്മ യോട്ചോദിക്കട്ടെ, അമ്മേ.... അമ്മേ.... ഞാൻ കളിക്കാൻ പോവ്വാ....." അടുക്കളയിൽ നിന്ന് അമ്മ ഇറങ്ങി വന്നു. അമ്മ മകനോട് പറഞ്ഞു.'' അപ്പൂസേ സന്ധ്യയായില്ലേ ഇപ്പോൾ ഇരുട്ടാകും ഇപ്പോൾ കളിക്കാൻ പോയാൽ നിനക്ക് വഴി തെറ്റും അതുകൊണ്ട് നീ ഇന്ന് കളിക്കാൻ പോകണ്ട." ഇതും പറഞ്ഞ് അമ്മ വീണ്ടും അടുക്കളയിലേക്ക് പോയി . പക്ഷേ അപ്പൂസ് അമ്മയുടെ വാക്കുകൾക്ക് ഒരു വിലയും കൽപ്പിക്കാ തെ കൂട്ടുക്കാരുടെകൂടെ കളിക്കാൻപോയി അവരെല്ലാവരും കളിസ്ഥലത്തു എത്തി. അപ്പൂസിന്റെ വീട്ടിൽ നിന്ന് കുറച്ച്ക ലെയാണ് കളിസ്ഥലം. അവർ കളി തുടങ്ങി. കുറച്ച് കഴി ഞ്ഞപ്പോൾ അവർ കളി മതിയാക്കി. അവർ എല്ലാവരും യാത്ര പറഞ്ഞു അവരവരുടെ വീട്ടിലെക്ക് പോയി. അപ്പൂസ് വഴിയിലൂടെ നടക്കുമ്പോൾ ഇരുട്ടായിരുന്നത് കാരണം

അവനുവഴികാണാതായി . അവൻ ഒരു സ്ഥലത്ത് ഇരുന്ന് കരയാൻ തുടങ്ങി. ആ സമയത്ത് അവന്റെ മനസ്സിൽ അമ്മ പറഞ്ഞത് അനുസരിച്ചാൽ മതിയായിരുന്നു എന്ന ചിന്ത ഉണർന്നു. അപ്പോഴാണ് രണ്ട് വഴിയാത്രക്കാർ അതുവഴിവ ന്നത് . അപ്പൂസിനെ കണ്ട അവർ കാര്യം എന്തെന്ന് അന്വേ ഷിച്ചു. അവർ അപ്പൂസിനെ വീട്ടിലേക്ക് എത്തിച്ചു. അപ്പൂസിനെ കാത്ത് അമ്മ അവിടെ നിൽക്കുന്നുണ്ടായിരുന്നു. മകനെ ക ണ്ടസന്തോഷത്തിൽ അവനെ വാരിയെടുത്തു ചുംബിച്ചു. വഴി യാത്രകാരോട് നന്ദി പറഞ്ഞ് അവർ രണ്ടുപേരും വീട്ടിന് അകത്തേക്ക് പോയി. അപ്പൂസ് അമ്മയോട് പറഞ്ഞു ഇനി ഞാൻ അമ്മ പറയുന്നത് അനുസരിച്ചോളാം. പിന്നീട് ഒരിക്കലും അപ്പൂസ് അമ്മയുടെ വാക്ക് അനുസരിക്കാ തെയിരുന്നില്ല.

ശുഭം....

അഭിജിത്ത് പി എസ്

***IX-D***

# എന്നോട് ക്ഷമിക്ക് അമ്മേ....

സന്ധ്യസമയം ഉമ്മറപടിയിൽ നിൽക്കുന്ന അമ്മ. ദൂരെ നിന്നുള്ള വെളിച്ചം. പതുക്കെ അമ്മ ഇറങ്ങി " മോനേ അബി..." എന്ന് വിളിച്ചു. ആ വെളിച്ചം അടുത്തേക്ക് വന്നു. ഒരു കാർ വന്നു. അതിൽനിന്ന് അബി ഇറങ്ങി" എന്താ അമ്മേ". അവർ അകത്തേക്ക് പോയി. അമ്മ ചോറ് വിളമ്പി. നാളെ പെണ്ണ് കാണാൻ പോകണം. കുറെ മാസങ്ങൾ കടന്നു പോയി. അബി ഒരു സിവിൽ എൻജിനിയർ ആയി രുന്നു. സൂര്യ എന്ന പണക്കാരിയായ പെൺ ക്കുട്ടിയെ വിവാഹം ചെയ്തു. സൂര്യക്ക് അമ്മയെ ഇഷ്ടമി ല്ലായിരുന്നു. അബിക്ക് സൂര്യയെ ഇഷ്ടമായതിനാൽ അവൾ പറയുന്നത് എല്ലാം ചെയ്തു. അവർക്ക് ഒരു കു ഞ്ഞ് പിറന്നു. അവളുടെ പേര് മായ. മായക്ക് അമ്മ മ്മയെ വളരെ ഇഷ്ടമായിരുന്നു. ഒരു ദിവസം,
" അബി... അബി..."

ഉമ്മറത്തേക്ക് അമ്മ ഇറങ്ങി വന്നു. "ആ.. അസീ സോ... വാ..കയറി ഇരിക്ക് ചായകുടിക്കാം" അമ്മ പറഞ്ഞു.അസീസ് ചോദിച്ചു , അല്ല അമ്മ അബി എവിടെ?...അമ്മ പറഞ്ഞു," അവൻ ജോലിക്ക് പോയി വന്നിട്ടില്ല..എന്തെ?..." "അവൻ നേരത്തേ പറഞ്ഞു അവൻ ഇപ്പോൾ വരുമെന്ന്. മായയെ ഒന്നു കാണുകയും ചെയ്യണം." അപ്പോൾ അമ്മ മായയെ ഉറക്കെ വിളിച്ചു. മായയെ മുറ്റത്തേക്ക് ഓടി വന്നു. അസീസ് മായയെ വാരിയെടുത്തു ഉമ്മ വെച്ചു.അസീസ് പറഞ്ഞു" മായെ അടുത്തക്കൊല്ലം നീ സ്കൂളിലപ്പഠിക്കു മ്പോൾ അജ്ഞവുംഉണ്ട്" . ഇതെല്ലാം കണ്ടുനിന്ന സൂര്യ മായയെ വലിച്ചു കൊണ്ടു പോയി.അബി വന്നു അസീ സിനെ കണ്ട സന്തോഷത്തിൽ അസീസി നെ കൂട്ടി അങ്ങാടിയിൽ പോയി.അങ്ങനെ ഒരുവർഷം കടന്നു പോയി മായയെ സ്കൂളിൽ ചേർത്തി.കുറച്ചു മാസങ്ങൾ കടന്നുപോയി.മായക്ക് പരീക്ഷയടുത്തു.എന്നിട്ടും അവ ൾ അമ്മമ്മയോടൊപ്പം കളിച്ചും കഥ പറഞ്ഞും നട ന്നു.ഇതെല്ലാം സൂര്യക്ക് ഇഷ്ടമില്ലായിരുന്നു.ഒരു ദിവ

സം മായയെ അടുത്ത് ഇരുത്തി പഠിപ്പിക്കുകയായിരു ന്നു അപ്പോൾ അബി വന്നു കയറി ഉടനെത്തന്നെ സൂര്യ അബിയുടെ അടുത്തിരുന്നു പറഞ്ഞു."അമ്മ കാരണം മോൾക്ക് പഠിക്കാൻ കഴിയുന്നില്ല...".അബി ഉടനെത്തന്നെ ചോദിച്ചു. "അല്ല അതിന് ഞാൻ എന്ത് ചെയ്യണം" ."അത് അമ്മയെ വൃദ്ധസദനത്തിൽ ആക്ക ണം".അവൾ ഈ കാര്യം പറഞ്ഞ് ശാഠ്യം പിടിച്ചു. ഇത് അബിക്ക് സമ്മതിക്കേണ്ടി വന്നു. ഇതെല്ലാം അ മ്മ കാണുന്നുണ്ടായിരുന്നു. എന്ത്ചെയ്യണം എന്ന് അറിയില്ല.അടുത്ത ദിവസം അബി അമ്മയുടെ അടു ത്ത്ചെന്ന് ഒരോ നുണകൾ പറഞ്ഞു വൃദ്ധസദനത്തി ൽ കൊണ്ടുപോയി."അമ്മ പറഞ്ഞു,നീ വിഷമിക്കേണ്ട മകനെ എനിക്ക് എല്ലാം അറിയാം,നീ നന്നായി ജിവി ക്കണം."അങ്ങനെ ദിവസങ്ങൾ കടന്നു പോയി.ഒരു ദിവസം അസീസും ഭാര്യയും കൂടി വൃദ്ധസ ദനത്തിൽ കയറി ഭക്ഷണം കൊടുക്കുകയായിരുന്നു പെട്ടന്ന് അബിയുടെ അമ്മയെ അസീസ് കണ്ടു.അസീസ് ആ കെതരിച്ചു നിന്ന് പോയി.അവന് അത് താങ്ങാൻ കഴിഞ്ഞില്ല.അവൻ നേരെ അബിയുടെ അടുത്തേക്ക് ചെന്നു.അസീസ് വളരെ ദേഷ്യത്തോടെ അബിയെ

***വിളിച്ചു. "അബി അമ്മ എവിടെയാ? "അബിക്ക് വാക്കുകൾ പറയാൻ കഴിഞ്ഞില്ല,അവൻ പറഞ്ഞു "അത്....അമ്മ അകത്ത് ഉണ്ട്."അസീസ് പറഞ്ഞു ,മുഖത്ത് നോക്കി കള്ളം പറയരുത് അബി ഞാൻ അമ്മയെകണ്ടിട്ട് വന്നിട്ടുള്ളു നീ എപ്പോൾ എങ്കിലും ചിന്തിച്ചിട്ടുണ്ടോ? നീ ഈ നിലയിൽ എത്താൻ കാരണം അമ്മയാണെന്ന് ...." അസീസ് മടങ്ങി പോയി . കുറെ നേരം അബി ഒന്നും മിണ്ടിയില്ല .അബി വേഗം അമ്മയുടെ അടുത്ത്ചെന്ന് മാപ്പ് ചോദിച്ചു. അമ്മയെയും കൂട്ടി വീട്ടിലേക്ക് പോയി . അവിടെ എത്തിയപ്പോൾ സൂര്യ പറഞ്ഞു "ഓ..ഈ തള്ളയും കൂട്ടി ഇവിടെക്ക് വന്നൊ...?"അബി അവളുടെ മുഖത്തേക്ക് അടിച്ചു . പിന്നെയും അടിക്കാൻ പോയപ്പോൾ അമ്മ തടഞ്ഞു .സൂര്യ വീട്ടിൽ നിന്ന് മായയെ കൂട്ടി ഇറങ്ങിയപ്പോൾ അബി മായയെ എടുത്തിട്ട് പറഞ്ഞു. "ഇവൾ എന്റെ മകളാണ് നിനക്ക് വേണമെങ്കിൽ ഇറങ്ങിക്കൊ......"സൂര്യ തർക്കികാതെ ഇറങ്ങി. രണ്ടു മാസങ്ങൾക്ക് ശേഷം........ അമ്മ പറഞ്ഞു "അബി നീ സൂര്യയെ കൂട്ടി വാ..." അബി പറഞ്ഞു "അവൾ അമ്മയോട് ക്ഷമ ചോദിക്കട്ടെ" പെട്ടന്ന് ആ സമയം***

***ആരോ വാതിൽ മുട്ടി അബി വാതിൽ തുറന്നു .സൂര്യ ആയിരുന്നു അവൾ അബിയുടെ കാലിൽ വീണ് ക്ഷമ ചോദിച്ച അബി പറഞ്ഞു "നീ എന്നോട് അല്ല ക്ഷമ ചോദിക്കേണ്ടത് അമ്മയോടാണ്.''സൂര്യ പോയി അമ്മയോട് ക്ഷമ ചോദിച്ചു.അമ്മ സൂര്യയോട് ക്ഷമിച്ചു. സൂര്യ വേഗം മായയുടെ അടുത്തേക്ക് പോയി.അവളെ എടുത്ത് ഉമ്മ വെച്ചു.അവർക്ക് എല്ലാവർക്കും സന്തോഷമായി.***

***ശുഭം***

***എബിൻ ലൂക്ക മാത്യൂ***

***IX-D***

# വരകൾ....വർണങ്ങൾ



അക്ഷയ വി എം

IX-D



അക്ഷയ വി എം

IX-D

# അമ്മയും മകനും

പണ്ട് പണ്ടൊരിടത്ത് ഒരു മനോഹരമായ ഒരു ഗ്രാമം ഉണ്ടായിരുന്നു. ആ ഗ്രാമത്തിലെ ഒരു കൊച്ചുവീട്ടി ലായിരുന്നു രാമുവിന്റെയും അവന്റെ അമ്മ സുമയു ടെയും താമസം. സുമയ്ക്ക് അവൻ ഒറ്റ മകനാണ് ചെറുപ്പത്തിൽ രാമുവിന്റെ അച്ഛൻ മരിച്ചു അതുകൊണ്ട് തന്നെ വളരെ ലാളിച്ചാണ് അവനെ വളർത്തിയത് അവന്റെ ഇഷ്ടങ്ങളെല്ലാം തന്നാലാവുന്നവിധത്തിൽ അമ്മ അവന് നടത്തിക്കൊടുക്കുമായിരുന്നു സുമയ്ക്ക് ഭർ ത്താവ് ഇല്ലാത്തതിനെ തുടർന്ന് പഞ്ചായത്തിൽ നി ന്നും ലഭിച്ച ഒരു ജോലിക്കാണ് അവൾ പോകുന്നത് ഒരു ദിവസം അവൻ സ്കൂളിൽ നിന്നും ടീച്ചറുടെ കൈ യിൽ നിന്ന് അടി കിട്ടി അവന് പെട്ടെന്ന് ദേഷ്യം കേറുന്ന സ്വഭാവമാണ് അവനുള്ളത് അവൻ ടീച്ചറെ കണ്ണുരുട്ടിക്കൊണ്ടായിരുന്നു ആ അപമാനം സഹി ക്കാൻ വയ്യാതെ ടീച്ചർ രാമുവിന്റെ അമ്മ സുമയെ വിളി ച്ചു വരുത്തി അവനെ കുറിച്ച് ഇല്ലാത്തതും ഉള്ളതുമായ കുറേ കാര്യങ്ങൾ ഓതികൊടുത്തു പാവം എന്നു പറ യാമല്ലോ സുമയ്ക്ക് അത് ആകെ സങ്കടമായി

***അവനെ കൂട്ടി വീട്ടിലെത്തിയ സുമ ആദ്യമായും അവസാനമായും അവനെ തല്ലി അവൻ അത്രയും സ്നേഹിക്കുന്ന അവന്റെ അമ്മ അവനെ തല്ലിയെ ന്നുള്ളത് അവന് സഹിക്കുന്നതിനപ്പുറമായിരുന്നു അതിന്റെ ദേഷ്യത്തിലാവാം അവൻ വീടുവിട്ടിറങ്ങി യത്. അവൻ പനിയാണെന്നു കള്ളം പറഞ്ഞാണ് അവൻ വീട്ടിൽ ഇരുന്നത് പക്ഷെ പണി കഴിഞ്ഞു വന്ന അമ്മ കണ്ടത് എന്താണെന്നൊ അവന്റേതായ സകല സാധനങ്ങളും അവൻ പാക്ക് ചെയ്താണ് അവൻ വീട് വിട്ടിറങ്ങിയത്. ആകെ ഉണ്ടായിരുന്നത് അവന്റെ അമ്മയുടെ തുണയായിരുന്നു. രാമു ഇപ്പോ ഴോ അവനും അമ്മയെ ഒറ്റയാക്കി സ്വന്തം കാര്യങ്ങൾ ക്ക് പോയിരിക്കുന്നു പാവം അമ്മ വൈകാതെ തന്നെ മകൻ രാമു വീട് വിട്ടിറങ്ങിയ കാര്യം ആ ഗ്രാമത്തിലെ എല്ലാവരും അറിഞ്ഞു കഴിഞ്ഞിരുന്നു. അതിനാൽ തന്നെ ഒറ്റക്കായ ആ അമ്മയെ അനാഥാലയത്തിൽ കൊണ്ടു വിടാനായിരുന്നു തീരുമാനം. പക്ഷെ ഒറ്റ യ്ക്കായെങ്കിലും ആ അമ്മയുടെ മനസ്സിൽ മകനായ രാമു തിരിച്ചുവരുമെന്ന ഉറച്ച വിശ്വാസമുണ്ടായിരുന്നു***

അതിനാൽ തന്നെ സുമയ്ക്ക് അനാഥാലയത്തിൽ പോവാൻ താല്പര്യമിണ്ടായിരുന്നില്ല ദിവസങ്ങൾ കഴിഞ്ഞു പോയി ഗ്രാമത്തിലെ ആൾക്കാർ ആ കാര്യം മറന്നിരുന്നു മാസങ്ങളും വർഷങ്ങളും കഴിഞ്ഞു എന്നിട്ടും രാമു തിരിച്ചുവന്നില്ല പാവം മകൻ ഇല്ലാതെ ജീവിതത്തിനിടെ ആ അമ്മ വാർദ്ധക്യത്തിൽ എത്തിയിരുന്നു (വിണ്ടു കീറിയ മുഖം ചുക്കി ചുളിഞ്ഞ കൈകാലുകൾ മിഴികൾ കുഴിഞ്ഞുവന്നു ശരിക്കും ഒരു മുത്തശ്ശി) എന്നിട്ടും ആ മുത്തശ്ശി തന്റെ മകനെ കുറിച്ചുള്ള കാത്തിരിപ്പ് നിർത്തിയില്ല എന്നാൽ ഏതോ ദൂരത്ത് തന്റെ മകൻ അധ്വാനിച്ച് അന്ന് ടീച്ചർ അവനെ കുറിച്ച് പറഞ്ഞ കാര്യങ്ങൾ എല്ലാം മാറ്റാൻ വേണ്ടിയായിരുന്നു രാമു ഇതെല്ലാം ചെയ്തത്. അവൻ ഇപ്പോൾ വലിയൊരു ഉദ്യോഗസ്ഥൻ ആയിരിക്കും എന്നെല്ലാം മുത്തശ്ശി ചിന്തിച്ചിരുന്നു എന്നാൽ ആ മുത്തശ്ശിയെ തേടിയെത്തിയത് ഒരു വാർത്തയായിരുന്നു. ആ വാർത്തയിൽ തന്റെ മകൻ രാമു ട്രെയിൻ പാളത്തിൽ നിന്ന്............... 'മതി' എന്ന് പറഞ്ഞ് വായിച്ചുകൊണ്ടിരുന്ന ആളെ അമ്മൂമ തടഞ്ഞു. കാരണം അത്

രാമുവാണെന്ന് അമ്മൂമയ്ക്ക് ചിന്തിക്കാവുന്നതെ ഉണ്ടായിരുന്നുള്ളൂ. അത് എന്നേക്കുമായുള്ള കാത്തി- രിപ്പാണെന്ന് അവർക്ക് മനസ്സിലായി...................... അതിനിടെ ഒട്ടും താമസിക്കാതെ ആ ഹൃദയവും നിലച്ചു..................

അതിനാൻ

***IX-A***

\

# കടങ്കഥകൾ

- അടിക്കാൻ പറ്റാത്ത വടി ?

-കാവടി

- അളക്കാൻ പറ്റാത്ത നാഴി ?

- ഇടനാഴി

- ആരും കൊതിക്കാത്ത ജയം ?

- പരാജയം

- എല്ലാവരേയും ചുമക്കുന്നയാൾ ?

- ചെരുപ്പ്

- ഏറ്റവും വേഗത കുറഞ്ഞ മാൻ ?

- പോസ്റ്റ്മാൻ

- ഏറ്റവും ഭാരമുള്ള തല ?

- ചുമതല

- ഏറ്റവും ചെറിയ വീട് ?

- ചീവീട്

- കല്ലെറിയുന്ന മരം ?

-സമരം

- കയ്യിലിടാൻ പറ്റാത്ത വള ?

- തവള

- കയറാൻ പറ്റാത്ത പടി

-മറുപടി

സ്വാതി പി ജെ

VIII D

# ചക്കപ്പഴം

ഒരാൾക്ക് ചക്കപ്പഴം തിന്നണമെന്നാഗ്രഹം. പക്ഷെ ചക്കപ്പഴം തിന്നുന്നത് അഭിമാനത്തിന് ക്ഷതം ഏൽപ്പിക്കുക യാണെന്ന തോന്നലും. അവർ ഒരു വീട്ടിലേക്ക് പോയ താണ്. അഥിതി ആണ് ഇപ്പോൾ അവർ. നല്ല മണവും മധുരവും ഉള്ള ചക്കപ്പഴം അഥിതിയോട് വീട്ടുക്കാർ ചോദിച്ചു. ചക്കപ്പഴം എടുക്കട്ടെ? ഹേയ് വേണ്ട ചക്കപ്പഴം തിന്നുക യോ വീട്ടുക്കാർ പറഞ്ഞു: എങ്കിൽ വേണ്ട തിന്നണ്ട അവർ ചക്കപ്പഴം തിന്നുതു ടങ്ങി. അഥിതിക്കും തിന്നണമെ ന്നാഗ്രവും. അപ്പോൾ അഥിതി പറഞ്ഞു: ചക്കപ്പഴം വരിക്കയാണോ? കൂഴയാണോ? വരി ക്ക യാണെങ്കിൽ തിന്നുകളയാം അപ്പോൾ വീട്ടുക്കാർ പറഞ്ഞു അയ്യോ വരി ക്കയല്ല കൂഴയാണ് അപ്പോൾ അഥിതി ഒരു സൂ ത്രം പ്രയോഗിച്ചു വരി ക്കയാ ണെ ങ്കിൽ ദഹിക്കില്ല . ആവ ശ്യം സാധിക്കാൻ വേണ്ടി ആരായാലും ഒരു സൂത്രം പ്രയോ ഗിക്കും.....

അൻഷിദ് വി എ

**IX-D**

# പ്രളയം

നമ്മുടെ രാജ്യം പ്രതിസന്ധിയെ നേരിട്ട് വളരെ ആത്മവി ശ്വാസത്തോടെ എല്ലാവരും ഒന്നിച്ച കൈകോർത്ത് നേരിട്ട് നിന്നൊരു പാഠം ഭൂമി നമുക്ക് മനസ്സിലാക്കി തന്ന വലിയൊരു പാഠമാണ് പ്രളയം. മനുഷ്യർ ഭൂമിയോട് ചെയ്ത ക്രൂരതകൾ വെലുതാണ്. നാം ഭൂമിയെ വേദനിപ്പിച്ചപ്പോൾ ഭൂമി നമ്മെയും വേദനിപ്പിച്ചു. നമ്മുടെ അമ്മയാണ് ഭൂമി.

കേരളം ആകെ വെള്ളത്തിലായപ്പോഴാണ്ജാ തി, മതം, വർഗം എന്ന വ്യത്യാസം കാണിക്കാതെ മനുഷ്യരെ ല്ലാരും ഒരുമിച്ചുക്കുടി പ്രളയബാധിതയിൽ ഏർപ്പെട്ടവരെ രക്ഷി ച്ച. അവർക്ക് വേണ്ട എല്ലാ സഹായവും ചെയ്തു കൊടു ത്തു. മഴക്കെടുതിയിൽ എത്ര ജീവനുകൾ നമ്മിൽ നിന്നും നഷ്ട മായി. അവരുടെക്കുടെ ഒറ്റപ്പെട്ടവരെ നാം സഹായിച്ച. വിവിധ വിദ്യാ ലയം, വ്യവസായശാലകൾ, വീടുകൾ എന്നി വയിലെല്ലാം നാം അളുകളെ സുരക്ഷക്കയ്‌വേണ്ടി മാറ്റി താ മസിപ്പിച്ച. നാം അവ രെയെല്ലാം രക്ഷപെടുത്താൻ ജീവമര ണപ്പോരാട്ടം നട ത്തി. കേരളത്തിൽ നമ്മുക്ക് ഒരു പ്രളയം കാരണം മനുഷ്യരെ ല്ലാം ഒരു മത വിവേചനമില്ലാതെ ഒരുമി ച്ചുകൂടി ആ വലിയ പ്രതി സന്ധിയെ നേരിട്ടു. നാം ഏവരും കേരളത്തിന്റെ മക്കളാണ് അ വർക്ക് ആർക്കെങ്കിലും ഒരു പ്രശ്നം വന്നാൽ കൂടെ ഈ കേരള ത്തിന്റെ മക്കളുണ്ടാവും എന്ന വലിയൊരു പാഠം നമുക്ക് ബോ

ധ്യപ്പെട്ടു. പ്രളയത്തിൽ എന്തെല്ലാം സാധനങ്ങൾ നഷ്ടപ്പെട്ടുവോ അതെല്ലാം ഓ രോന്നായി നാം തിരിച്ചുകൊടുത്തു വിദ്യാലയ ങ്ങളിലുള്ള സഹായം, വിവിധ തൊഴിലാളികളിൽ നിന്നും നമ്മു ടെ രാഷ്ട്രീയം ഇവരെല്ലാം നമ്മെ സഹായിച്ചു. വിദ്യാർത്ഥികൾ ക്കുള്ള പഠ നോപകരണങ്ങൾ , അവർക്കാവശ്യമായ വസ്ത്ര ങ്ങൾ, ഭക്ഷണ വസ്തുക്കൾ അങ്ങനെ വിവിധ സാധനങ്ങൾ നമ്മൾ പ്രളയം ബാധിച്ചവർക്ക് നൽകി. നമ്മൾ ജനങ്ങൾ എ ല്ലാവരും കൂടി ഒരുമിച്ചാണ് ഇതെല്ലാം ചെയ്തുക്കൊടുത്ത് സഹാ യിച്ചത് വിദ്യാലയങ്ങൾ, വ്യവസായശാലകൾ ദുരിദാശ്വാസക്യാ മ്പുകളായും പ്രവർത്തിച്ചു. പ്രളയമെന്നാൽ വലിയൊരു പാഠമാ ണ് നമ്മുടെ നാടാകെ വെള്ളത്തിൽ മുങ്ങിയപ്പോൾ എന്തു ചെയ്യ ണമെന്നറിയാതെ നിന്ന ജനങ്ങളെ നാം സഹായിച്ചു.

മനുഷ്യർ ജനങ്ങൾ നമ്മൾ എല്ലാവരും ഒറ്റക്കെ ട്ടായി നിന്നാൽ നമുക്ക് എന്തിനെയും നേരിടാം ആ വലിയക്കെ ട്ടുതിയിൽ എല്ലാവരുടെയും സഹായം മത്സ്യതൊഴിലാളികൾ വി വിധ തൊഴിലാളികൾ രാഷ്ട്രീയക്കാർ എല്ലാ മേഖലകളിലും നിന്ന് ജനങ്ങൾക്ക് ഒരുപാട് സഹായം ലഭിച്ചു. വീട് നഷ്ടപ്പെട്ടവരെയും എന്തെങ്കിലും സംഭവിക്കും എന്നു തോന്നുന്നവരെടെയും ഡാമു ക ളുടെ ഷട്ടറുകൾ തുറക്കുമെന്നുള്ള വാർത്ത കേൾക്കുമ്പോഴുമെട ല്ലാം ആ പ്രശ്നങ്ങൾ നേരിടാൻ പോകുന്നവരെ ദുരിദാശ്വാസ ക്യാമ്പുകളിലേക്കും സുക്ഷിതമായ ഇടങ്ങളിലേക്കുമെല്ലാം അവ രെ മാറ്റി പാർപ്പിച്ചു അവർക്ക് യാതൊരു തരത്തിലുള്ള ബുദ്ധിമുട്ടും

***വരാത്ത രീതിയിൽ അവരെ സുരക്ഷിതമായ ഇടങ്ങളിലേക്ക് മാറ്റിപാർപ്പിച്ചു. അവരെ അതിനൊക്കെ സഹായിച്ചത് നമ്മളി ലോരോരുത്തരുമാണ്.***

***നാം ഓരോരുത്തരും അവരെ സഹായിച്ചത് നമ്മുടെ ജീവൻ പണയപ്പെടുത്തിയാണ്. മലപ്പുറം, വയനാട് എ ല്ലാം വലിയൊരു ദുരന്തം സാധിച്ചു. അവർക്കെല്ലാം നമുക്ക് എന്തു നൽകാൻ കഴിയുമോ അതെല്ലാം നമ്മളെക്കൊണ്ട് കഴി യുന്നത് നൽകിനാം സഹായിച്ചു പ്രളയം ബാധിച്ചവരെ നാം ഏറ്റെടുത്ത് വീട് നൽകി അവർക്കാവശ്യമായതെല്ലാം നൽകി അവരെ സുര ക്ഷിതമാക്കി. വിവിധ ധനസഹായങ്ങൾ നൽകി. ആ പ്രളയത്തി ൽ നമ്മളിൽ പലരും ഇവിടെയില്ല. നമ്മളിൽ നിന്നും നഷ്ടപ്പെട്ടു. അവരിൽഭാക്കിയുള്ളവരെ നാം ഏറ്റെടുത്ത് നമ്മളിൽ പലരും സ ഹായിച്ചു. ഒരു ജീവൻ നമുക്ക് രക്ഷപെടുത്താൻ കഴിഞ്ഞാൽ സ ന്തോഷമായ കാര്യമാണ് നമ്മൾ എന്തിനെയും മുന്നിൽ കണ്ട് മുൻകരുതലുകൾ നടത്തി. രോകമാണെങ്കിൽആശുപത്രികൾ സജീവമായും പ്രവർത്തിച്ചു.എല്ലാത്തിനെയും എല്ലാ രോഗത്തെ യും നേരിടാനുള്ള എല്ലാത്തര പ്രവർത്തനങ്ങളും, സൗകര്യമായ സാഹചര്യങ്ങളും ഡോക്ടർമാരും, മറ്റ പ്രവർതകരും ചെയ്തുക്കൊ ട്ടുത്തു.എന്തെല്ലാം നമുക്ക്തന്നെ പാഠമാണ്. നമുക്ക് എന്ത് സം ഭവിച്ചാലും നമ്മുടെ കൂടെ ഈ ലോകം മുഴുവൻ സഹായിക്കാ നും എല്ലാ കാര്യത്തി നുംനമ്മുടെ കൂടെ ഉണ്ടാവും ജാതി മത വർ***

ഗ വിവേചനമില്ലാതെ കൈകോർത്ത് ഒരുമിച്ച് നിന്ന് നമ്മൾ എല്ലാവരും....

ഇപ്പൊ കഴിഞ്ഞ പ്രളയം നമുക്ക് വലിയൊരു പാഠം തന്നു ഇനിയങ്ങനെയൊന്നു വന്നാൽ അത് നേരിടാൻ ഞങ്ങൾ എല്ലാവരും ഒരുമിച്ച് ഒറ്റക്കെട്ടായി ഉണ്ടാവും. മനുഷ്യൻ സ്വന്തം താൽപര്യങ്ങൾക്കും ആവശ്യങ്ങൾക്കും വേണ്ടി വെട്ടിമാ റ്റി വേർത്തിരിച്ച് വിവിധ മതങ്ങളാക്കിയും ഈ ഭൂമിയോട് ചെയ്ത ക്രൂരതകൾ ദൈവം തന്നതാണ്. അങ്ങനെ വേർത്തിരിഞ്ഞ മനുഷ്യർ ഒരു പ്രളയത്തിൽ ഒരുമിച്ച് മതം എന്ന വികാരമില്ലാതെ കൈകോർത്തും ഒരുമിച്ചും ചേർന്നു. പ്രളയം എന്ന വലിയൊരു പാഠമായ വലിയൊ രു ദുരന്തം ജനങ്ങളിൽ കണ്ണ് നിറക്കുന്നതായിരുന്നു. എങ്ങനെ യെല്ലാം ഒരു മനുഷ്യൻ സഹായിക്കാൻ കഴിയുമോ അതവർ ചെയ്തു. ഒരു പ്രളയം വന്നാൽ തീരാവുന്നതേയുള്ളൂ നമ്മുടെ ജീവിതവും , സമ്പത്തും അങ്ങനെയല്ലാ മെന്നുമനസ്സിലാക്കിതന്നു. ഇനിയുള്ള കാലം സന്തോഷമായും സുഖമായും ജീവിക്കാം. യാ തൊരു മത വിവേചനമില്ലാതെ നമ്മളെല്ലാവരും മനുഷ്യ രാണ്, നമ്മൾ ഒരു ദിവസം ഈ ലോകം വിട്ട് പോവേണ്ടർവരാണ്, വലിയവൻ, ചെറിയവൻ എന്നൊരു കാഴ്ച്ചപാട് വേണ്ട.....ഇതെ ല്ലാം പ്രളയം നമുക്ക് തന്ന പാഠമാണ

കൈയുയർത്തി കേരളവും നമ്മളും.

അഭിജിത്ത്. പി. എസ്

**9-D**

# സേവനത്തിന്റെ ധന്യതയിൽ പടിയിറങ്ങുന്നവർ



ഹെഡ്മാസ്റ്റർ

ശ്രീ എം എസ് ബാബുരാജൻ



ശ്രീ നാരായണൻ എൻ എ



ശ്രീമതി ഇന്ദിര ജി



**ശ്രീ വി പി ബേബി**



**ശ്രീ എം എം ബേബിച്ചൻ**

# നന്ദി

## എല്ലാവർക്കും.............




## ലിറ്റിൽ കൈറ്റ്സ്-

## 2019- 2021